പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4558.

04.02.2014 ൽ മറുപടിക്ക്

## റേഷൻ സംവിധാനം നിലനിർത്തുന്നതിനുള്ള ചെലവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | റേഷൻസാധനങ്ങൾ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് ധാന്യങ്ങളുടെ കടത്ത് കൈകാര്യം ചെയ്യൽ, റേഷൻ കടക്കാരുടെ കമ്മീഷൻ തുടങ്ങി ഏതെല്ലാം ഇനത്തിൽ മൊത്തം എന്ത് തുക ചെലവ് വരുന്നുണ്ട്; കഴിഞ്ഞ ഒരു വർഷക്കാലത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | റേഷൻസാധനങ്ങൾ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് ധാന്യങ്ങളുടെ കടത്ത് കൈകാര്യം ചെയ്യൽ, റേഷൻ കടക്കാരുടെ കമ്മീഷൻ, മുൻകൂറായി എഫ്.സി.ഐ.യിൽ ഒടുക്കുന്ന തുക, സപ്ലൈകോയ്ക്ക് നൽകുന്ന തുക എന്നിവ ഉൾപ്പെടെ 2012-2013 സാമ്പത്തിക വർഷത്തിൽ ഏകദേശം 640 കോടി രൂപയോളം ചെലവായി. |
| (ബി) | ഇതിൽ എന്തു തുക വീതം സിവിൽ സപ്ലൈസ് കോർപ്പറേഷനും റേഷൻ കടക്കാരും വഹിക്കേണ്ടിവരുന്നു; വ്യക്തമാക്കാമോ; | (ബി) | 2012-13 കാലയളവിൽ ഉണ്ടായിരുന്ന 9 സബ്ഡിപ്പോകളിലുമായി റേഷൻ സാധനങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും അരി മില്ലുകളിൽ നിന്നും ഏറ്റെടുത്ത് വിതരണം നടത്തിയതിലേക്കായി കടത്തുകൂലി, കൈകാര്യം ചെയ്യൽ ഇനത്തിൽ 4,69,27,465/-രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് ചെലവായിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും സംവിധാനത്തിന് ഇതിനായി ചെലവ് വരുന്നുണ്ടോ ; എങ്കിൽ ആർക്ക് എത്ര തുക നൽകിവരുന്നു; വെളിപ്പെടുത്താമോ; | (സി) | ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് ചെലവിന്റെ എത്രശതമാനം കേന്ദ്ര ഗവൺമെന്റ് വഹിക്കും; അതുവഴി ബാധ്യത എത്രകോടി രൂപയാണ്; വെളിപ്പെടുത്താമോ? | (ഡി) | ഭക്ഷ്യസുരക്ഷാ നിയമം 2013 വകുപ്പ് 40 പ്രകാരം എല്ലാ സംസ്ഥാന ഗവണ്മെന്റു കളും വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ തയ്യാറാക്കുന്ന ചട്ടങ്ങൾക്കനു സൃതമായി ചട്ടങ്ങൾ രൂപീകരിക്കേണ്ട തുണ്ട്. കേന്ദ്ര സർക്കാർ ഇതുവരെ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടതിനുശേഷം മാത്രമേ ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് ചെലവിന്റെ എത്രശതമാനം കേന്ദ്ര ഗവൺമെന്റ് വഹിക്കുമെന്നത് വ്യക്ത മാക്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ